# ദന്തചികിത്സയ്ക്ക് ഭാരതത്തിൻെറ സംഭാവന

എൻ. വി. കൃഷ്ണവാരിയർ

ഭാരതീയ വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ ഏററവും പ്രാചീനം ചരക സംഹിതയാണെന്ന് വിശ്വസിക്കപ്പെടുന്നു. ഇന്ദ്രനിൽനിന്ന് ആയുർവേദം ഗ്രഹിച്ച ഭരദ്വാജൻ ഋഷിമാർക്ക് അതു് ഉപദേശിച്ചു. ഈ ഋഷിമാരിലൊരാളായ പുനർവസു ആത്രേയൻ തൻെറ ആറു ശിഷ്യന്മാർക്ക് ഈ ജ്ഞാനം പകർന്നു നൽകി. അഗ്നിവേശൻ, ഭേളൻ, ജതൂകർണ്ണൻ, പരാശരൻ, ഹാരിതൻ, ക്ഷാരപാണി എന്ന ഈ ആറു ശിഷ്യന്മാർ ആയുർവേദത്തെ അധികരിച്ച് വെവ്വേറെ ഗ്രന്ഥങ്ങൾ നിർമ്മിച്ചു. അഗ്നിവേശൻ നിർമ്മിച്ച ഗ്രന്ഥം പിന്നീട് ചരകൻ പുതുക്കി എഴുതി. അതാണ് വിശ്രുതമായ ചരക സംഹിത. ചരകൻ കനിഷ്കൻെറ വൈദ്യനായിരുന്നുവെന്ന് ബൗദ്ധന്മാർക്കിടയിൽ ഒരു വിശ്വാസമുണ്ട്. അതു ശരിയല്ലെന്നും, വ്യാകരണ മഹാഭാഷ്യകർത്താവായ പതഞ്ജലിതന്നെയാണ് ചരകനെന്നത്രേ മറെറാരു വിശ്വാസം. കനിഷ്കൻെറ ജീവിതകാലം എ. ഡി. ഒന്നാം നൂററാണ്ടായിരുന്നു. പതഞ്ജലി ജീവിച്ചിരുന്നതു്. ബി. സി. ഒന്നാം നൂററാണ്ടിലാണെന്ന് കരുതപ്പെടുന്നു. ഏതായാലും ചരക സംഹിതയ്ക്ക് രണ്ടായിരം വർഷങ്ങളുടെ പഴക്കം മതിക്കാം.

ചരക സംഹിതയിൽ ദന്തരോഗങ്ങളെപ്പററിയോ അവയുടെ ചികിത്സയെപ്പററിയോ പ്രതിപാദിച്ചു കാണുന്നില്ല. എന്നാൽ ദന്തസംരക്ഷണത്തെപ്പററി വിവരിച്ചിട്ടുണ്ട്. സൂത്രസ്ഥാനത്തിൽ അഞ്ചാം അദ്ധ്യായത്തിലാണിതു്. "മാത്രാശിതീയം" എന്ന ഈ അദ്ധ്യായത്തിൽ അരോഗനായ വ്യക്തിയുടെ ജീവിതചര്യ (സ്വസ്ഥവൃത്തം) പ്രതിപാദിച്ച കൂട്ടത്തിൽ, കണ്ണുകളിൽ അഞ്ജനപ്രയോഗം, ധൂമപാനം, നസ്യം എന്നിവയെപ്പററി വിവരിച്ചശേഷം പല്ലുതേപ്പിനെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ദിവസേന രണ്ടു പ്രാവശ്യം പല്ലു തേക്കണം. തലചതച്ചതും, ചവർപ്പോ എരിവോ കയ്പോ ഉള്ളതും ആയ മരച്ചില്ലകൊണ്ട് ദന്തമാംസങ്ങളെ ബാധിക്കാതെവേണം പല്ലുതേയ്ക്കാൻ. പല്ലുതേപ്പ് വായിലെ ദുർഗന്ധത്തെയും രസശൂന്യതയെയും നാവ്, പല്ല്, വായ്, എന്നിവയിലുണ്ടാകുന്ന മാലിന്യങ്ങളെയും കളഞ്ഞു് ഉടൻ പല്ലുകൾക്ക് പ്രകാശമുണ്ടാക്കുന്നു. കരിങ്ങാലി, കരവീരം, ഏരുക്ക്, മുല്ല, നീർമരുതു്, വേങ്ങ എന്നിവയും ഇത്തരത്തിലുള്ള മററു മരങ്ങളും പല്ലുതേപ്പിന് വിശേഷമാണ്. സ്വർണ്ണം, വെള്ളി, ചെമ്പ്, ഈയം, പിത്തള എന്നിവ കൊണ്ട് നാവുവടിക്കുന്നതിനുള്ള ചീളുകൾ ഉണ്ടാക്കാം. ഇവ മൂർച്ചയില്ലാത്തവയും വളഞ്ഞവയും ആയിരിക്കണം. നാവിൻെറ കടയ്ക്കലുള്ളതും ഉച്ഛ്വാസത്തെ തടയുന്നതുമായ മാലിന്യങ്ങളെ നീക്കി വായയ്ക്ക് സുഗന്ധം നൽകുന്നതിനാൽ നാവുവടിക്കുന്നതു് ആവശ്യമത്രേ"

എന്നു കവിരം കൊള്ളുന്നതു പല്ലിൻെറ ക്ഷയത്തെ തടഞ്ഞു് അവയുടെ മൂലങ്ങൾക്ക് ഉറപ്പു നൽകുമെന്നും പല്ലുകളുടെ വേദനയും പുളി തട്ടുമ്പോ

[illegible] അസുഖവും കട്ടപ്പുമുള്ള ഭക്ഷ്യങ്ങൾ കടിക്കാനുള്ള വിഷമവും പരിഹരിക്കുമെന്നും ചരക സംഹിതയിൽ പറഞ്ഞിട്ടുണ്ട്.

ചരക സംഹിതയെപ്പോലെതന്നെ പ്രസിദ്ധവും ഏതാണ്ട് അത്രതന്നെ പ്രാചീനവുമാണ്. സുശ്രുതസംഹിത. ശസ്ത്രചികിത്സ സംബന്ധിച്ച് ലോകത്തിലെ ഏററവും പ്രാചീനമായ ഗ്രന്ഥം സുശ്രുതസംഹിതയായിരിക്കണം. ദിവോദാസനെന്നുകൂടി പേരുള്ള കാശിരാജാവായ ധന്വന്തരി തൻെറ ശിഷ്യന്മാരായ ഔപധേനവൻ, വൈതരണൻ, ഔരഭ്രൻ, പൗഷ്കലാവതൻ, കരവീര്യൻ ഗോപുരരക്ഷിതൻ സുശ്രുതൻ എന്നീ ഋഷിമാർക്ക് ഉപദേശിക്കുന്ന രീതിയിലാണ് സുശ്രുതസംഹിത രചിക്കപ്പെട്ടിട്ടുള്ളത്. ഒരു ലക്ഷം ശ്ലോകങ്ങളും ആയിരം അദ്ധ്യായങ്ങളുമുള്ള ആദിമായുർവേദ ഗ്രന്ഥത്തെ ബ്രഹ്മാവ് രചിച്ചു. അൽപ്പായുസ്സുകളായ മനുഷ്യർക്ക് ഉപയോഗപ്പെടുവാൻ ഈ മഹാഗ്രന്ഥത്തെ ശല്യം (ശസ്ത്രക്രിയ) ശാലാക്യം (ഊർധ്വാംഗചികിത്സ), കായചികിത്സ ഭൂതവിദ്യ (ഉന്മാദചികിൽസ) കൗമാരഭൃത്യം (ഗർഭ-പ്രസവ ചികിൽസ) അഗദതന്ത്രം (വിഷചികിത്സ) രസായനതന്ത്രം (നവീകരണ ചികിത്സ) വാജീകരണതന്ത്രം എന്ന് എട്ടുഭാഗങ്ങളായി അദ്ദേഹം പിന്നീട് വിഭജിച്ചു. ഇവയിൽ "ശല്യ"ത്തെ പ്രധാനമാക്കി മററു ഭാഗങ്ങളെല്ലാം ഉൾക്കൊള്ളിച്ച് ശിഷ്യന്മാർക്ക് ധന്വന്തരി സുശ്രുതസംഹിതയിൽ ഉപദേശം നൽകുന്നു. എല്ലാ ശിഷ്യന്മാർക്കും വേണ്ടി സുശ്രുതൻ ധന്വന്തരിയോട് ചോദ്യങ്ങൾ ചോദിക്കുന്നു. ധന്വന്തരി ഉത്തരങ്ങൾ പറയുന്നു. ബ്രഹ്മാവിൽനിന്ന് പ്രജാപതിയും പ്രജാപതിയിൽനിന്ന് അശ്വനീദേവന്മാരും അവരിൽനിന്ന് ഇന്ദ്രനും ഇന്ദ്രനിൽനിന്ന് ധന്വന്തരിയും ഗ്രഹിച്ചതാണ് ഈ ശാസ്ത്രമെന്ന് പറയപ്പെട്ടിരിക്കുന്നു.

ചരക സംഹിതയിലെന്നപോലെ സുശ്രുതസംഹിതയിലും ദന്തസംരക്ഷണത്തെപ്പററി പ്രസ്താവിക്കുന്നുണ്ട്. ദന്തധാവനം (പല്ലുതേപ്പ്), ജിഹ്വാനിർലേഖനം (നാവു വടിക്കൽ) ഗണ്ഡൂഷം (കവിൾക്കൊള്ളൽ) മുതലായവ ചരക സംഹിതയിലേക്കാൾ കുറെക്കൂടി വിസ്തരിച്ച് സുശ്രുത സംഹിതയിൽ പ്രതിപാദിക്കപ്പെടുന്നു.

ദന്ത സംരക്ഷണത്തിന് പുറമേ പതിനഞ്ചു ദന്തമൂല രോഗങ്ങളെപ്പററിയും എട്ടു ദന്ത രോഗങ്ങളെപ്പററിയും സുശ്രുതൻ പറയുന്നുണ്ട്. ഗണ്ഡൂഷം, ഉദ്ധാരം, ഛേദം, കബളം, ധൂമം, നസ്യം, സ്നിഗ്ദ്ധഭോജനം, ശിരോവസ്തി, സ്വേദനം, രക്തമോക്ഷണം മുതലായ ചികിൽസാവിധികളെപ്പററിയും അദ്ദേഹം സവിസ്തരം പ്രതിപാദിക്കുന്നു. പല്ലു പറിച്ചാൽ ആ സ്ഥലം പൊള്ളിക്കണമെന്നാണ് സുശ്രുതൻെറ വിധി. മേൽവരിയിലെ പല്ലു പറിച്ചുകൂടെന്നും സുശ്രുതന് അഭിപ്രായമുണ്ട്.

സുശ്രുത സംഹിതയിൽ ചികിൽസാസ്ഥാനത്തിലെ ഇരുപത്തിനാലാമധ്യായം "അനാഗതാബാധ പ്രതിഷേധം" ആകുന്നു. അൽപമായി പി

## സുശ്രുത സംഹിതയിൽ

ശസ്ത്രചികിത്സ സംബന്ധിച്ച് ലോകത്തിലെ ഏററവും പ്രാചീന ഗ്രന്ഥമെന്നു കരുതപ്പെടുന്ന സുശ്രുത സംഹിതയിൽ ദന്ത സംരക്ഷണത്തെ പററി പ്രസ്താവിക്കുന്നുണ്ട്. ദന്തധാവനം (പല്ലുതേപ്പ്) ജിഹ്വാ നിർലേഖനം (നാവു വടിക്കൽ) ഗണ്ഡൂഷം (കവിൾക്കൊള്ളൽ) മുതലായവ വിസ്തരിച്ച് സുശ്രുത സംഹിതയിൽ പ്രതിപാദിച്ചിരിക്കുന്നു.

ഇതിനുംപുറമേ, പതിനഞ്ചു ദന്തമൂല രോഗങ്ങളെപ്പററിയും എട്ടു ദന്തരോഗങ്ങളെ പററിയും സുശ്രുതൻ പറയുന്നുണ്ട്. കൂടാതെ ചികിത്സാവിധികളെപററിയും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു.

## ചരകസംഹിതയിൽ

ഭാരതീയ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളിൽ ഏററവും പ്രാചീനമായ ചരക സംഹിതയിൽ സൂത്രസ്ഥാനത്തിൽ അഞ്ചാം അധ്യായത്തിൽ ദന്തസംരക്ഷണത്തെപ്പററി വിവരിച്ചിരിക്കുന്നു.

“ദിവസേന രണ്ടു പ്രാവശ്യം പല്ലുതേയ്ക്കണം. തല ചതച്ചതും ചവർപ്പോ, എരിവോ, കയ്പോ ഉള്ളതുമായ മരച്ചില്ലകൊണ്ടു് ദന്തമാംസങ്ങളെ ബാധിക്കാതെ വേണം പല്ലു തേക്കാൻ. പല്ലുതേപ്പു് വായിലെ ദുർഗന്ധത്തെയും രസശൂന്യതയെയും നാവ്, പല്ല്, വായ് എന്നിവയിലുണ്ടാകുന്ന മാലിന്യങ്ങളെയും കളഞ്ഞു് ഉടൻ പല്ലുകൾക്കു പ്രകാശമുണ്ടാക്കുന്നു. കരിങ്ങാലി, കരവീരം, എരുക്കു്, മുല്ല, നീർമരുത്, വേങ്ങ എന്നിവയും ഇത്തരത്തിലുള്ള മററു മരങ്ങളും പല്ലുതേപ്പിനു വിശേഷമാണ്. സ്വർണം, വെള്ളി, ചെമ്പ്, ഈയം, പിത്തള എന്നിവകൊണ്ടു് നാവു വടിക്കുന്നതിനുള്ള ചിളകൾ ഉണ്ടാക്കാം. ഇവ മൂർച്ചയില്ലാത്തവയും വളഞ്ഞവയും ആയിരിക്കണം. നാവിന്റെ കടക്കലുള്ളതും ഉച്ഛ്വാസത്തെ തടയുന്നതുമായ മാലിന്യങ്ങളെ നീക്കി വായ്ക്കു സുഗന്ധം നൽകുന്നതിനാൽ നാവുവടിക്കുന്നതു ആവശ്യമത്രേ”.

ടിപെട്ടരോഗങ്ങളെ തടയുന്നതിനുള്ള മാർഗങ്ങളാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം. ആരോഗ്യം ആഗ്രഹിക്കുന്ന സ്വസ്ഥൻ പ്രതിദിനം നിർവഹിക്കേണ്ട ചര്യയിൽ ആദ്യത്തേതു് പല്ലുതേപ്പാകുന്നു. പന്ത്രണ്ടു് അംഗുലം നീണ്ടതും ചെറുവിരലിന്റെ അത്രവണ്ണമുള്ളതും വളവോ മുരടോ പോടോ കവരമോ ഇല്ലാത്തതും പുഴുതും ഉത്തമഭൂമിയിൽ മുളച്ചതും ആയിരിക്കണം, പല്ലുതേക്കാനുള്ള കോൽ. അതാതു് ഋതുവിനേയും അകാലത്തുണ്ടാകുന്ന ദോഷകോപങ്ങളേയും കണക്കിലെടുത്തു് ഈ കോലിന്റെ രസവും വീര്യവും നിശ്ചയിക്കണം. ചവർപ്പു്, മധുരം കയ്പ്പ്, എരിവു് എന്നീ രസങ്ങൾ പല്ലു തേക്കുന്ന കോലിനുകൊള്ളാം. കയ്പുള്ളമരങ്ങളിൽ വേപ്പാണ് ഉത്തമം. ചവർപ്പുള്ളവയിൽ കരിങ്ങാലിയും മധുരമുള്ളവയിൽ ഇരിപ്പയും, എരിവുള്ളവയിൽ ഉങ്ങും ശ്രേഷ്ഠമാകുന്നു. തേൻ, ചുക്കു്, മുളകു്, തിപ്പലി, ഏലത്തരി, കരയാമ്പൂവ്, ഇലവംഗം, എണ്ണ, ഇന്തുപ്പ് എന്നിവ ചേർത്തു് പൊടിച്ചുണ്ടാക്കിയ പൽപ്പൊടി കൊണ്ടു് എന്നും പല്ലുകളെ ശുദ്ധീകരിക്കണം. മൃദുവായ ബ്രഷ്കൊണ്ടും ദന്തചൂർണം കൊണ്ടും ഊനുകൾ കേടുതട്ടാതെ പല്ലുകളെ ഓരോന്നായി ശുദ്ധിചെയ്യണം. ദുർഗന്ധം അഴുക്കു്, കഫം, എന്നിവയെ ഇതു നശിപ്പിക്കും. പല്ലുകൾക്കു് വെളുപ്പും ഭക്ഷണത്തിൽ രുചിയും മനസ്സിൽ പ്രസന്നതയും ഉളവാക്കുകയും ചെയ്യും. കഴുത്തു്, അണ്ണാക്കു്, ചുണ്ടു്, നാവു് എന്നിവയിൽ രോഗമോ വായ്പഴുപ്പോ, ശ്വാസരോഗമോ, കാസമോ എക്കിട്ടമോ, ഛർദ്ദിയോ ഉള്ളവരും ദുർബലരും ഭക്ഷിച്ചതു് ദഹിക്കാത്തവരും മോഹാലസ്യപ്പെട്ടവരും കുടിച്ചു് വെളിവില്ലാത്തവരും തലവേദനയുള്ളവരും ദാഹിച്ചവരും തളർന്നവരും മദ്യപാനം കൊണ്ടു് ക്ഷീണിച്ചവരും അർദിതം, കർണരോഗം ദന്തരോഗം എന്നിവയുള്ളവരും പല്ലു തേക്കരുതു്.

പല്ലുതേപ്പു കഴിഞ്ഞാൽ ചെയ്യേണ്ട കൃത്യം നാവുവടിക്കലാണ്. വെള്ളികൊണ്ടോ സ്വർണ്ണംകൊണ്ടോ മരച്ചില്ലകൊണ്ടോ ഉണ്ടാക്കിയ ‘ക്ലീനർ’ കൊണ്ടു നാവുവടിക്കാം. മൃദുവും നേർത്തതും പത്തംഗുലം നീളമുള്ളതുമായിരിക്കണം അതു്. നാവു വടിച്ചാൽ വായയിലെ വിരസത ദുർഗന്ധം, നീർക്കെട്ടു്, മരവിപ്പ് എന്നിവ നീങ്ങും, സുഖം ഉണ്ടാവുകയും ചെയ്യും.

പിന്നീടു് എണ്ണ കവിൾക്കൊള്ളണം. ഇതു് പല്ലുകൾക്കു ഉറപ്പുണ്ടാക്കുവാനും രുചി വർദ്ധിക്കാനും നന്നു്.

ചുണ്ടു്, ഊനു്, പല്ലു്, നാവു്, അണ്ണാക്കു് തൊണ്ട ഇവയെല്ലാം ഉറ

ക്കൊള്ളുന്ന മുഖം എന്നീ ഏഴ് സ്ഥാനങ്ങളിലായി അറുപത്തിഅഞ്ചു മുഖരോഗങ്ങൾ ഉണ്ടാകാമെന്ന നിദാനസ്ഥാനത്തിലെ പതിനാറാം അദ്ധ്യായത്തിൽ സുശ്രുതസംഹിത പ്രസ്താവിക്കുന്നു. ഇവയിൽ പതിനഞ്ചു രോഗങ്ങൾ ഊനുകളിലും എട്ടെണ്ണം പല്ലുകളിലുമാണ് വരുന്നത് ശീതാദം, (Bleeding on spongy gum) ദന്തപുപ്പുടകം (gumboil) ദന്തവേഷ്ടകം (Pyorrhea alveolaris or Suppurative gingivitis) ശൗഷിരം (ഊൻനീര്)മഹാശൗഷിരം (gangrenous stomatitis or cancrum oris) പരിദരം (ഊനുചീയൽ) ഉപകുശം (പല്ലിളക്കവും ചോരവാർച്ചയും) ദന്തവൈദർഭം (പല്ലിളക്കവും ഊനുവീർപ്പും) വർദ്ധനം (extra tooth) അധിമാംസം (impacted wisdom tooth) അഞ്ചു ദന്തനാഡികൾ (നാഡിവ്രണങ്ങൾ—Sinus) എന്നിവയാണ് ദന്തമൂലരോഗങ്ങൾ ദാലനം (Tooth ache or odontodynia) ക്രിമിദന്തകം (Dental caries) ദന്തഹർഷം (odontitis) ഭഞ്ജനകം (വായകോടലും പല്ലുപൊട്ടലും) ശർക്കര (tartar) കപാലിക (ഇനാമൽ പൊളിഞ്ഞുപോകൽ) ശ്യാവദന്തകം (പല്ലുപുകനിറമോ നീലനിറമോ ആകൽ) ഹനുമോക്ഷം (dislocation of the lower Jaw) എന്നിവയത്രെ സുശ്രുതസംഹിതയിൽ പ്രതിപാദിക്കപ്പെട്ട ദന്തരോഗങ്ങൾ.

മേൽപറഞ്ഞ ദന്തമൂലരോഗങ്ങൾക്കും ദന്തരോഗങ്ങൾക്കും ഉള്ള ചികിത്സ സുശ്രുതസംഹിതയുടെ ചികിത്സാസ്ഥാനത്തിൽ ഇരുപത്തിരണ്ടാം അധ്യായത്തിൽ നാല്പതു മുതൽ നാല്പത്തിമൂന്നുവരെ പദ്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. രക്തമോക്ഷണം (ചോരവാർക്കൽ) ഗണ്ഡൂഷധാരണം (കവിൾക്കൊള്ളൽ) ലേപം (മരുന്നു പുരട്ടൽ) നസ്യം (എണ്ണ മൂക്കിൽ കയറ്റൽ) സ്നിഗ്ധ ഭോജനം, ശസ്ത്രക്രിയ, ഉദ്ധാരം (പല്ലുപറിക്കൽ) ഛേദം (മുറിച്ചുകളയൽ) കബളം(കവഴിയൽ) ധൂമം (പുകക്കൽ) ശിരോവസ്തി, സ്വേദനം (വിയർപ്പിക്കൽ) എന്നിവയും പഥ്യാഹാരവുമാണ് ചികിത്സയായി വിധിച്ചിട്ടുള്ളത്. ഇവയെ ദന്തമൂലക്രിയകളെന്നും ദന്തക്രിയകളെന്നും രണ്ടായി തിരിച്ചിരിക്കുന്നു.

പലതരം ഇലകൾകൊണ്ടു ഊനിൽ ഉരച്ചുംമുറിച്ചും ചോരവാർക്കാൻ സുശ്രുതസംഹിത നിർദ്ദേശിക്കുന്നു. ചോരവാർത്തശേഷം മരുന്നുകൾ അരച്ചു പുരട്ടുക. കഷായം കവിൾക്കൊള്ളുക. ക്ഷാരം കൊണ്ടു പൊള്ളിക്കുക മുതലായ കർമ്മങ്ങൾ ചെയ്യണം. ദന്ത

## കാശ്യപ സംഹിതയും കൗമാര ഭൃത്യവും

ചരക സുശ്രുത സംഹിതകൾക്കൊപ്പം പ്രാചീനമെന്നു പരിഗണിക്കപ്പെടുന്ന ഒരു ഗ്രന്ഥമാണു കാശ്യപസംഹിത. ഈ ഗ്രന്ഥത്തിലെ വിഷയം കൗമാരഭൃത്യം അഥവാ ബാലചികിത്സ ആകുന്നു. കാശ്യപസംഹിതയിൽ സൂത്രസ്ഥാനത്തിലെ ഇരുപതാമധ്യായം 'ദന്തജന്മികം' എന്ന പേരിലറിയപ്പെടുന്നു. ഗർഭസ്ഥിതമായ ഭ്രൂണത്തിൽ പല്ലുകളുടെ ബീജാവാപം നടക്കുന്നതെപ്പോൾ, അങ്ങനെ ബീജാവാപം ചെയ്യപ്പെട്ട പല്ലുകൾ ശിശുവിൽ ഏതേതു വർഷങ്ങളിൽ രൂപംകൊള്ളുകയും പുറമേക്കു വരുകയും ചെയ്യുന്നു. ദന്തോത്ഭവസമയത്തു് ശിശുക്കൾക്കുണ്ടാകുന്ന ഉപദ്രവങ്ങളും അവയുടെ ചികിത്സകളും ഏവ; ഏതെല്ലാംതരം പല്ലുകൾ പ്രശസ്തങ്ങളാണ്. ഏതെല്ലാം അപ്രശസ്തങ്ങളാണ്. എത്ര പല്ലുകൾ ഉണ്ടാവും. അവയിൽ എത്ര എണ്ണം രണ്ടുതവണ മുളക്കുന്നവയാണ്. എത്രകാലംകൊണ്ടു അവ കൊഴിഞ്ഞുപോവുകയും വീണ്ടും മുളക്കുകയും ചെയ്യുന്നു. ദന്ത സമ്പത്തും അസമ്പത്തും ഏതുവിധത്തിലുള്ളവയാണ്. ഇത്രയും കാര്യങ്ങൾ ഈ അധ്യയങ്ങളിലടങ്ങിയതായി പറയപ്പെടുന്നു.

വൈവർമ്മം എന്ന രോഗമുള്ളവരുടെ പല്ലുകളുടെ കട ശസ്ത്രംകൊണ്ടു ശുദ്ധമാക്കി ക്ഷാരം പ്രയോഗിച്ചശേഷം തണുപ്പിക്കുന്നതിനുള്ള ക്രിയകളെ നിർദ്ദേശിച്ചിരിക്കുന്നു. അധിക ദന്തം പറിച്ചുകളഞ്ഞ, ചുട്ടുപഴുപ്പിച്ച ലോഹക്കമ്പികൊണ്ടു ആ സ്ഥലം പൊള്ളിക്കണം. അധിമാംസം മുറിച്ചു കളഞ്ഞു ഔഷധചൂർണ്ണം പുരട്ടണം. വായിലൂടെ പുക കടത്താനും നിർദ്ദേശമുണ്ട്. നാഡീവ്രണമുണ്ടായാൽ അതിനോടനുബന്ധിച്ച പല്ലു പറിക്കണം. എന്നാൽ മുകളിലെ പല്ലു പറിക്കുവാൻ പാടില്ല. പല്ലു പറിക്കും മുൻപ് ഊനിലെ മാംസം, ശസ്ത്രം കൊണ്ടു മുറിക്കണം. വ്രണം ശുദ്ധമാക്കി ക്ഷാരംവച്ചോ തീകൊണ്ടോ പൊള്ളിക്കണം. പല്ലുപറിക്കാതിരുന്നാൽ നാഡീവ്രണം (sinus) താടിയെല്ലിനെ ബാധിക്കും. അതിനാൽ പൊട്ടിയതോ ഇളകുന്നതോ ആയ പല്ലു കടയോടെ പറിക്കണം.

ആഴത്തിൽ വേരിറങ്ങിയതും ഉറച്ചതുമായ മേൽപല്ല് പറിച്ചാൽ അത്യധികം ചോര വാർന്നുപോവുകയും അതു നിമിത്തം മുൻപു പറഞ്ഞ ഭയങ്കര രോഗങ്ങൾ ഉണ്ടാവുകയും ചെയ്യും. രോഗിക്കു ഒരു കണ്ണു നഷ്ടപ്പെടുകയോ അർദിത രോഗമുണ്ടാവുകയോ ചെയ്യാം. അതിനാൽ മേൽപല്ല് ഇളക്കമുള്ളതായാലും പറിക്കരുത്.

ദന്തഹർഷം (odontitis) എന്ന രോഗത്തിനു നെയ്യ്, എണ്ണ, വസ, മജ്ജ, ത്രൈവൃതം എന്ന ഘൃതം വാതഹരങ്ങളായ കഷായങ്ങൾ എന്നിവ ചെറുചൂടോടെ വായിൽ പാതി നിറച്ചു കുലുക്കുഴിയുന്നതും, എണ്ണപ്പുക വായിൽ നിറക്കുന്നതും നസ്യവും എണ്ണമയമുള്ള ഭക്ഷണം, മാംസരസം, മാംസരസത്തിലുണ്ടാക്കിയ കഞ്ഞി, പാൽ, പാൽപ്പാട, നെയ്യ്, മുതലായവ കഴിക്കുന്നതും ശിരോവസ്തിയും പ്രതിവിധിയായി നിർദ്ദേശിച്ചിരിക്കുന്നു.

ദന്തശർക്കര (Tartar) എന്ന രോഗത്തിൽ, ഊനു കേടുവരാതെ 'ശർക്കര' കുത്തിക്കളഞ്ഞു തേനും അരക്കുപൊടിയും കൂടി പുരട്ടി മുൻപറഞ്ഞ ചികിത്സകൾ ചെയ്യാനാണു വിധി.

ഇളകാത്ത ക്രിമിദന്തത്തെ (Dental carise) ചോരവാർക്കൽ, വിയർപ്പിക്കൽ, എണ്ണകവിൾക്കൊള്ളൽ ഔഷധങ്ങൾ പുരട്ടൽ സ്നിഗ്ധഭക്ഷണം മുതലായവ കൊണ്ടു ചികിത്സിക്കേണ്ടതാണ്. ഇളകിയ പല്ലു പറിച്ച് ആ സ്ഥാനം പൊള്ളിക്കണം.

പുളിയുള്ള ഫലങ്ങൾ, തണുത്ത വെള്ളം, രൂക്ഷമായ ഭക്ഷണം, കടുത്ത ഭക്ഷ്യപദാർത്ഥങ്ങൾ പല്ലുതേപ്പ് എന്നിവ ദന്തരോഗിക്ക് നിഷേധിച്ചിരിക്കുന്നു.

എ. ഡി. ആറാം ശതാബ്ദത്തിൽ എഴുതപ്പെട്ട വാഗ്ഭടന്റെ അഷ്ടാംഗഹൃദയമാണ് ഇപ്പോൾ ഏററവും അധികം പ്രചാരമുള്ള ആയുർവേദ ഗ്രന്ഥം. അഷ്ടാംഗഹൃദയത്തിന്റെ സൂത്രസ്ഥാനത്തിലെ രണ്ടാമധ്യായം ദിനചര്യയെ പ്രതിപാദിക്കുന്നു. ഇവിടെ പല്ലുതേപ്പിനെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേററ അരോഗൻ ശരീരചിന്ത നിർവഹിച്ച് ശൗചം ചെയ്തശേഷം പല്ലു തേക്കണം. ഭക്ഷണം കഴിഞ്ഞശേഷവും പല്ലു തേക്കണമെന്ന് ഈ

### അഷ്ടാംഗഹൃദയത്തിൽ

എ. ഡി. ആറാം ശതാബ്ദത്തിൽ എഴുതപ്പെട്ട വാഗ്ഭടന്റെ അഷ്ടാംഗഹൃദയംഎന്ന ഏററവും പ്രചാരമുള്ള ആയുർവേദ ഗ്രന്ഥത്തിലെ സൂത്രസ്ഥാനത്തിലെ രണ്ടാം അധ്യായം ദിനചര്യയെ പ്രതിപാദിക്കുന്നു. ഇവിടെ പല്ലുതേപ്പിനെപ്പററി പ്രതിപാദിച്ചിരിക്കുന്നു.

ഉത്തരസ്ഥാനത്തിലെ മുഖരോഗ വിജ്ഞാനീയം എന്ന 21-ാം അധ്യായത്തിൽ ദന്തരോഗങ്ങളെക്കുറിച്ചും ദന്തമൂലരോഗങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. ഔഷധപ്രയോഗവും വിസ്തരിച്ചിരിക്കുന്നു.

ഗ്രന്ഥത്തിൽ കൂടുതലായി പറഞ്ഞിരിക്കുന്നു. എരുക്ക്, പേരാൽ, കരിങ്ങാലി, ഉങ്ങ്, നീർമരുത് മുതലായവർപ്പോ, എരിവോ, കയ്പോ ഉള്ള മരങ്ങളുടെ മുകുളാഗ്രങ്ങളായ ചില്ലകൾകൊണ്ട് ഊനു് കേടുവരാതെ വേണം പല്ലു തേക്കുവാൻ. അജീർണം, ഛർദി, ശ്വാസരോഗം, കാസം പനി, അർദിതം, ദാഹം, വായിൽ പഴുപ്പ്, ഹൃദയം, കണ്ണ്, തല, ചെവി എന്നിവക്കു രോഗം എന്നിവ ഉള്ളവർ പല്ലു തേക്കരുത്. നാവു വടിക്കുന്നതിനെപ്പററി അഷ്ടാംഗഹൃദയത്തിൽ പറഞ്ഞിട്ടില്ലെന്നതു് ശ്രദ്ധേയമാണ്. അഷ്ടാംഗഹൃദയം ഉത്തരസ്ഥാനത്തിലെ മുഖരോഗ വിജ്ഞാനീയം എന്ന ഇരുപത്തൊന്നാം അധ്യായത്തിൽ വാഗ്ഭടൻ ദന്തഹർഷം, ദന്തഭേദം, അധിദന്തം, ശർക്കര, കപാലിക, ശ്യാവം, ക്രിമിദന്തം, ശീതാദം, ഉപകുശം, ദന്തപുപ്പുടം, ദന്തവിദ്രധി, സുഷിരം, മഹാസുഷിരം, അധിമാംസകം, വിദർഭം, അഞ്ചു നാഡീരോഗങ്ങൾ എന്നിവ വിവരിക്കുന്നു. ഇവയിൽ ആദ്യം പറഞ്ഞ ഏഴെണ്ണം ദന്തരോഗങ്ങളും പിന്നീടു പറഞ്ഞവ ദന്തമൂലരോഗങ്ങളുമാകുന്നു.

ഉത്തരസ്ഥാനത്തിലെ മുഖരോഗ പ്രതിഷേധം എന്ന ഇരുപത്തിരണ്ടാമധ്യായത്തിൽ മേൽപറഞ്ഞ രോഗങ്ങളുടെ ചികിത്സ വാഗ്ഭടൻ നിർദ്ദേശിക്കുന്നു. ഏറെക്കുറെ സുശ്രുതന്റെ ചികിത്സാവിധികൾ സംക്ഷേപിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നതു്. പക്ഷേ, ഔഷധപ്രയോഗം വിസ്തരിച്ചിട്ടുണ്ട്. സംദംശകം (കൊടിൽ) കൊണ്ടു പല്ലു പറിപ്പിക്കാൻ ഇവിടെ നിർദ്ദേശമുണ്ട്. മണ്ഡലാഗ്രം എന്ന ശല്യം കൊണ്ടു ദന്തശുദ്ധീകരണവും വിധിച്ചിരിക്കുന്നു. മെലിഞ്ഞവർ ദുർബലന്മാർ, വൃദ്ധന്മാർ, വാതരോഗികൾ, എന്നിവരുടെ പല്ലും ആരുടേയും മേൽപല്ലും പറിക്കരുതു് എന്നു വാഗ്ഭടൻ പ്രത്യേകിച്ചു പറയുന്നുണ്ട്.

ചരകസുശ്രുത സംഹിതകൾക്കൊപ്പം പ്രാചീനമെന്നു് ഗണിക്കപ്പെടുന്ന ഒരു ഗ്രന്ഥമാണ് കാശ്യപ സംഹിത. നേപ്പാളിൽനിന്ന് കണ്ടെടുത്ത് 1951-ൽ കാശിയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ ഗ്രന്ഥത്തിലെ വിഷയം കൗമാരഭൃത്യം അഥവാ ബാലചികിത്സ ആകുന്നു. കാശ്യപ സംഹിതയിൽ സൂത്രസ്ഥാനത്തിലെ ഇരുപതാമധ്യായം "ദന്തജന്മികം" എന്ന പേരിലറിയപ്പെടുന്നു. ഗർഭസ്ഥിതമായ ഭ്രൂണത്തിൽ പല്ലുകളുടെ ബീജാവാപം നടക്കുന്നതെപ്പോൾ; അങ്ങനെ ബീജാവാപം ചെയ്യപ്പെട്ട പല്ലുകൾ ശിശുവിൽ ഏതേതു വർഷങ്ങളിൽ രൂപംകൊള്ളുകയും പുറമേക്ക് വരുകയും ചെയ്യുന്നു; ദന്തോത്ഭവ സമയത്ത് ശിശുക്കൾക്കുണ്ടാകുന്ന ഉപദ്രവങ്ങളും അവയുടെ ചികിത്സകളും ഏവ; ഏതെല്ലാംതരം പല്ലുകൾ പ്രശ

## സകൃജ്ജാതങ്ങളും ദ്വിജങ്ങളും

മനുഷ്യർക്കു മുപ്പത്തിരണ്ടു പല്ലുകളുണ്ട്. ഇവയിൽ എട്ടെണ്ണം സകൃജ്ജാതങ്ങൾ—ഒരുതവണ മാത്രം മുളക്കുന്നവ—ആകുന്നു. സ്വതന്ത്രദന്തങ്ങൾ എന്നിവയെ പറയാം. മററു ഇരുപത്തിനാലു പല്ലുകൾ ദ്വിജങ്ങൾ—രണ്ടുതവണ മുളക്കുന്നവ—ആകുന്നു. എത്രമാസംകൊണ്ടു ഭ്രൂണത്തിൽ അവയുടെ ബീജാവാപം നടക്കുന്നുവോ, അത്രയും ദിവസങ്ങൾ കൊണ്ടു ശിശുവിൽ അവ പൊട്ടി മുളക്കുന്നു.

ശിശുവിന്റെ ജന്മത്തിനുശേഷം എത്രാമത്തെ മാസത്തിൽ പല്ലുമുളക്കുന്നുവോ, അത്രാമത്തെ വർഷത്തിൽ അതു പൊഴിഞ്ഞു വീണ്ടും മുളക്കുന്നു. അതായതു് നാലുമാസംകൊണ്ടു നിഷേകതമായ പല്ല് 4ദിവസംകൊണ്ടു മുളക്കും. ആറാംമാസത്തിൽ മുളക്കുന്ന പല്ല് ആറാം വർഷത്തിൽ—വയസ്സിൽ—പൊഴിയും.

"കാശ്യപ സംഹിതയിൽ"

സ്ഥങ്ങളാണ്, ഏതെല്ലാം അപ്രശസ്ത ങ്ങളാണ്; എത്ര പല്ലുകൾ ഉണ്ടാവും; അവയിൽ എത്ര എണ്ണം രണ്ടുതവണ മുളയ്ക്കുന്നവയാണ്; എത്രകാലം കൊണ്ട് അവ പൊഴിഞ്ഞുപോവുകയും വീണ്ടും മുളയ്ക്കുകയും ചെയ്യുന്നു. ദന്ത സമ്പത്തും അസമ്പത്തും ഏതുവിധ ത്തിലുള്ളവയാണ്—ഇത്രയും കാര്യ ങ്ങൾ ഈ അധ്യായത്തിലടങ്ങിയതാ യി പറയപ്പെടുന്നുണ്ടെങ്കിലും, ഇതി ലേതാനും വിഷയങ്ങൾ മാത്രമേ പ്ര സിദ്ധീകൃതമായ ഗ്രന്ഥഭാഗത്തിൽ ഉൾപ്പെടുന്നുള്ളൂ. പല്ലുകളുടെ ചരിത്ര'' ത്തെ സംബന്ധിച്ച് ഇത്തരമൊരു ചർച്ച മററ് ആയുർവേദ ഗ്രന്ഥങ്ങ ളിൽ കാണാത്തതിനാൽ, കാശ്യപ സംഹിതയിലെ ഈ ഭാഗം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഇതിലടങ്ങിയ സംഗതികൾ ഇങ്ങനെ സംക്ഷേപി ക്കാം.

"മനുഷ്യർക്ക് മുപ്പത്തിരണ്ടു പല്ലു കളുണ്ട്. ഇവയിൽ എട്ടെണ്ണം സകൃ ജ്ജാതങ്ങൾ—ഒരുതവണമാത്രം മുളയ്ക്കു ന്നവ—ആകുന്നു. സ്വശുദ്ധദന്തങ്ങൾ എന്ന് ഇവയെ പറയാം. മററ് ഇരു പത്തിനാല് പല്ലുകൾ ദ്വിജങ്ങൾ- രണ്ടുതവണ മുളയ്ക്കുന്നവ—ആകുന്നു. എ ത്രമാസംകൊണ്ട് ഭ്രൂണത്തിൽ അവ യുടെ ബീജാവാപം നടക്കുന്നുവോ അത്രയും ദിവസങ്ങൾകൊണ്ട് ശിശു വിൽ അവ പൊട്ടിമുളയ്ക്കുന്നു. ശിശു വിന്റെ ജന്മത്തിനുശേഷം എത്രാമ ത്തെ മാസത്തിൽ പല്ലുമുളയ്ക്കുന്നുവോ അത്രാമത്തെ വഷത്തിൽ അതു് പൊ ഴിഞ്ഞ് വീണ്ടും മുളയ്ക്കുന്നു. (അതായ തു് നാലുമാസംകൊണ്ട് നിഷിക്ത മായ പല്ല് നാലുദിവസംകൊണ്ട് മുളയ്ക്കും; ആറാംമാസത്തിൽ മുളയ്ക്കുന്ന പല്ല് ആറാംവർഷത്തിൽ പൊഴി യും).

മുകളിൽ നടുവിലെ പല്ലുകൾക്ക് രാജദന്തങ്ങൾ (central incisors) എന്നു പേർ, അവ പവിത്രങ്ങളാകു ന്നു. ഒരാളുടെ ഈ പല്ലുകൾ പൊട്ടി യിട്ടുണ്ടെങ്കിൽ അയാളെ ശ്രാദ്ധ ത്തിനു ക്ഷണിക്കരുത്. കാരണം, അയാൾ അപവിത്രനാണ്. രാജദ ന്തങ്ങളുടെ ഇരുവശത്തുമുള്ള പല്ലുകൾ ക്ക് വസ്തങ്ങൾ (Lateral Incisors) എന്നു പേർ. വസ്തങ്ങളുടെ ഇരുവശ ത്തുമുള്ള പല്ലുകളത്രേ ദംഷ്ട്രങ്ങൾ (canines) മററുള്ളവയെ സ്വശുദ്ധങ്ങ ളെന്നും ഹാനവ്യങ്ങൾ(ഹനുവിൽ-താ ടിയെല്ലിൽ-ഉള്ളവ) എന്നും പറയു ന്നു. ചുവട്ടിലും ഇതേവിധത്തിൽ ത്തന്നെ.

പെൺകുട്ടികൾക്ക് കൂടുതൽ വേഗ ത്തിൽ പല്ലുമുളയ്ക്കുന്നു. പല്ലുമുളയ്ക്കു മ്പോൾ സാധാരണമായ ഉപദ്രവങ്ങ ളും അവർക്ക് കുറവാണ്. കാരണം, അവരുടെ പല്ലുകൾ പൊള്ളയും മൃദു സ്വഭാവങ്ങളുമാകുന്നു. ആൺകുട്ടിക ളുടെ പല്ലു മുളയ്ക്കാൻ കൂടുതൽ സമയം എടുക്കും. അവർക്ക് അകാലത്തു് ഉപദ്രവങ്ങൾ കൂടുതലാണ്. അവരു ടെ പല്ലുകൾ കട്ടിയായവയും സ്ഥിര സ്വഭാവമുള്ളവയുമാണെന്നതത്രേ ഇതി നു കാരണം. പല്ലുകളുടെ നിഷേകം, ബീജാവാപം (germination), മൂർ ത്തിത്വം (രൂപംകൊള്ളൽ-Ossification, ഉദ്ഭേദം (മുളയ്ക്കൽ—dentition), വൃദ്ധി(വളർച്ച), പതനം (പൊ ഴിയൽ), പുനർഭാവ നിവൃത്തി (വീ ണ്ടും മുളയ്ക്കാതിരിക്കൽ), സ്ഥിതി (ഉറച്ചു നിൽക്കൽ), പരിക്ഷയം (തേ യ്മാനം), ചലനം (ഇളക്കം), പതനം (അവ സാനത്തെ പൊഴിയൽ), ദൃഢത (ഉറപ്പ്), ദൗർബലത (ഉറപ്പില്ലായ്മ) ഇവ ജാതി സ്വഭാവം, നിഷേകം (ഗർഭാധാനം), വ്യക്തി സ്വഭാവം, മാതാപിതാക്കളുടെ പാരമ്പര്യം, സ്വ കർമങ്ങളുടെ സവിശേഷത എന്നിവ യെ ആശ്രയിച്ചിരിക്കുന്നതായി മ ഹർഷിമാർ പറയുന്നു. ശരീര ത്തിന്റെ വളർച്ചയില്ലായ്മ, ഗുണ ങ്ങൾ, ദോഷങ്ങൾ, എന്നിവയുടെ ആവിർഭാവത്തിനും കാരണം മേൽ പറഞ്ഞവതന്നെ.

മനുഷ്യർക്ക് (ഭ്രൂണാവസ്ഥയിൽ) നാലാംമാസം മുതൽ പല്ലുകളുടെ നി ഷേകം സംഭവിക്കുന്നു. പല്ലോടുകൂടി

---

ലോകത്തിലാദ്യത്തെ ദന്ത ചികിത്സകന്റെ പേരു് 'ഹെസിറേ'എന്നായിരുന്നു. രണ്ടാമത്തേതോ "നെഫറി ററസ്'" എന്നും. ഈ വാക്കു കളുടെ അർത്ഥം പല്ലുകളുടെ നേതാവ് എന്നാത്രേ.

---

> ദന്തചികിത്സക്ക് 6000 വർഷത്തെ പഴക്കമുണ്ട്. ഈജിപ്റ്റിലാണ് ദന്തചികിത്സയുടെ ആരംഭം.

പിറക്കുന്നതും, ആദ്യം മേൽപല്ലുകൾ മുളയ്ക്കുന്നതും, പല്ലുകൾ അകന്നു മുളയ്ക്കുന്നതും, കുറവായി മുളയ്ക്കുന്നതും, കൂടുതൽ മുളക്കുന്നതും കോന്ത്രപ്പല്ലുകൾ മുളക്കുന്നതും നിറം മങ്ങിയ പല്ലുകളുണ്ടാവുന്നതും, പല്ലുകൾ പൊട്ടുന്നതും അമംഗളകരമാണ്.

സാമുദ്ഗം, സംവൃതം, വിവൃതം, ദന്തസമ്പത്ത് എന്നിങ്ങനെ ദന്തോൽപ്പത്തി നാലുവിധം. എപ്പോഴും വീണുപോകുന്നതുകൊണ്ട് സാമുദ്ഗം ക്ഷയശീലമാകുന്നു. അപ്രശസ്തവും മലിനവുമാണ്. സംവൃതം. പല്ലു മൂടാത്തതിനാൽ വേഗം ദന്തവൈവർണ്യമുണ്ടാകുന്നതും രോഗസാധ്യതയുള്ളതും ലാലാസ്രാവം എപ്പൊഴുമുണ്ടാകാത്തതിനാൽ കഴപ്പം പിടിച്ചതുമാണ് വിവൃതം.

നാലാംമാസത്തിൽ ബീജാവാപം നടന്ന പല്ലുകൾ ദുർബലങ്ങളും വേഗം ക്ഷയിക്കുന്നവയും ബഹുരോഗങ്ങളുമായിത്തീരുന്നു. രണ്ടാംമാസത്തിൽ ബീജാവാപം നടന്നവ ഇളകുന്നവയും പുളിപ്പുള്ളവയും ബഹുരോഗങ്ങളുള്ളവയുമാകുന്നു. ആറാംമാസത്തിൽ നിഷിക്തങ്ങളായവ നിരപ്പൊക്കാത്തവയും അഴുക്കു നിറഞ്ഞവയും നിറം മങ്ങിയവയും പുഴുക്കേടുള്ളവയുമായിത്തീരുന്നു. ഏഴാംമാസത്തിൽ നിഷിക്തങ്ങളായവ രണ്ട് അടരുകളുള്ളവയും പൊളിയുന്നവയും വരകളുള്ളവയും മുറിഞ്ഞവയും പരുത്തവയും അസമങ്ങളും ഉയർന്നവയുമായിത്തീരുന്നു. എട്ടാംമാസത്തിൽ ബീജാവാപം നടന്ന പല്ലുകൾ സർവഗുണസമ്പന്നങ്ങളായി ഭവിക്കുന്നു.

പൂർണ്ണത (നിറവ്) സമത (നിരപ്പ്), ഘനത (കട്ടി), ശുക്ലത (വെളുപ്പ്), സ്നിഗ്ധത (എണ്ണമയം), ശ്ലക്ഷ്ണത (മിനുപ്പ്), നിർമലത (അഴുക്കില്ലായ്മ), നിരാമയത (അരോഗത), കിഞ്ചിദുത്തരോന്നത (മേൽവശത്തുള്ളവ കുറച്ചുയർന്നിരിക്കുക), ഊനുകളുടെ സമത (നിരപ്പ്), രക്തത (ചുവപ്പ്), സ്നിഗ്ധത (എണ്ണമയം), ബൃഹദ്ഘന സ്ഥിരതമൂലത (കട വലുതായും കനത്തും ഉറച്ചും ഇരിക്കൽ) എന്നിവയാണ് ദന്തസമ്പത്ത്. ഊനുകളിലെ ദന്തബന്ധനസ്ഥാനങ്ങൾ കുറവായോ അധികമായോ വെളുത്തോ കറുത്തോ പരസ്പരം വേർതിരിയാതെയോ വരുന്നത് അപ്രശസ്തമാണെന്ന് ഋഷികൾ പറയുന്നു.

രസകരമായ ഈ ചർച്ച, ഗ്രന്ഥത്തിലെ ഏടുകൾക്ക് നേരിട്ട നാശം നിമിത്തം, ഇവിടെ അവസാനിക്കുന്നു.

ആധുനിക ദന്ത വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ ആയുർവേദത്തിലെ ദന്തചികിത്സാ സിദ്ധാന്തങ്ങളെ പരിശോധിച്ച് വിലയിരുത്തുന്നത് രസാവഹവും പ്രയോജനകരവുമായിരിക്കും. ലോകവൈദ്യശാസ്ത്രത്തിലേക്ക് ഭാരതത്തിന്റെ സംഭാവന എത്ര മികച്ചതായിരുന്നു എന്നു തെളിയിക്കുവാൻ ഇത്തരമൊരു വിലയിരുത്തൽ ആവശ്യമാകുന്നു. □

### അമ്മമാരുടെ ശ്രദ്ധക്ക്

ഗർഭകാലത്തിന്റെ ആദ്യഘട്ടത്തിൽതന്നെ കുഞ്ഞിന്റെ പാൽ പല്ലുകൾ ഉരുണ്ടുകൂടാൻ തുടങ്ങുമെന്നുള്ളതുകൊണ്ട് ഗർഭധാരണം മുതൽതന്നെ പല്ലിന്റെ കാര്യം ശ്രദ്ധിച്ചു തുടങ്ങണം. ഗർഭാവസ്ഥയിൽ നല്ല പോഷകാഹാരവും ഫ്ളൂറിഡേറ്റിത ജലവും ഉപയോഗിക്കണം.